# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/ 119 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/ 119 /2022 തീയ്യതി: 04/03/2022

## തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധുലബീവി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അനിൽ കുമാർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജസ്റ്റിൻരാജ് റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷാജികുമാർ.എസ്.ഒ | സെക്രട്ടറി | 01-04-2019 | 03-08-2019 |
| ശ്രീ.എസ്.വിജയകുമാർ | സെക്രട്ടറി | 04-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.ശശികുമാർ | കൃഷിഓഫീസർ | 01-04-2019 | 29-06-2019 |
| ശ്രീ.സുധീന്ദ്ര.വൈ.എസ് | കൃഷിഓഫീസർ | 30-06-2019 | 01-09-2019 |
| ഡോ.ചിഞ്ചു.വി.എസ് | കൃഷിഓഫീസർ | 02-09-2019 | 31-03-2020 |
| ശ്രീ.സൂരജ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജു മോഹൻദാസ് | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.അനിലറാണി | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സുബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അജിത്കുമാർ.എ | വി.ഇ.ഒ (എ സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ് | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സെലിൻ | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയശ്രീ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുനി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-11-2019 |
| ശ്രീമതി.ആശ.എം.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| | | 23-11-2019 | 31-03-2020 |
| ശ്രീ.ദീപക് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: AnilKumar R (Senior Grade Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: AnilKumar R (Senior Grade Auditor, On 20-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-02-2022) | 1-2 |
| 3 | വാർഷികപത്രികയിലെ അപാകതകൾ<br>Written By: AnilKumar R (Senior Grade Auditor, On 20-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 20-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 21-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-02-2022) | 1-4 |
| 6 | 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-02-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-02-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 20-12-2021)<br>Last Updated By: K Sreeja (Deputy Director, On 04-03-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhulabeevi.V.M (Audit Officer (HG), On 21-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 21-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-9 |
| 11 | രസീതുകൾ റദ്ദാക്കുമ്പോൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപെടുത്തുന്നില്ല<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-10-1 |
| 12 | രസീത് പ്രകാരം പിരിച്ചെടുത്ത തുക ഒടുക്കുന്നതിൽ വീഴ്ച<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-10-2 |
| 13 | ഡേഡ്സ്റ്റോക്ക് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-11-1 |
| 14 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല.<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-11-2 |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 20-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-12 |
| 16 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-13 |

| | | |
|---|---|---|
| 17 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-13-1 |
| 18 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-13-2 |
| 19 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-14 |
| 20 | പിരിച്ചെടുത്ത നികുതി നിർദ്ദിഷ്ട നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-15 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-16 |
| 22 | അപേക്ഷ ഫീസ് ഈടാക്കിയതിലെ കുറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 19-02-2022) | 1-17 |
| 23 | ലേല ഉടമ്പടി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-18 |
| 24 | വെള്ളക്കരം ഒടുക്കൽ-പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-19 |
| 25 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - 371497/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 19-02-2022) | 1-20 |
| 26 | ദുരന്തനിവാരണ പദ്ധതി രൂപീകരണം- തുക റീ ഇംപേഴ്സ് ചെയ്യേണ്ടതാണ്<br>Written By: Sindhulabeevi.V.M (Audit Officer (HG), On 03-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-21 |
| 27 | നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-22 |
| 28 | മരാമത്തുപദ്ധതികളുടെ രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 20-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 1-23 |
| 29 | നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 20-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-02-2022) | 1-24 |
| 30 | ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയ്ക്കും ജി.എസ്.ടി ഈടാക്കുന്നു<br>Written By: Sindhulabeevi.V.M (Audit Officer (HG), On 19-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-25 |
| 31 | വായ്പയെടുക്കാതെ സബ്സിഡി തുക അനുവദിച്ചു - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 20-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-02-2022) | 1-26 |
| 32 | പദ്ധതി നിർവ്വഹണത്തിലെ അപാകത; 20700/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-27 |

| | | |
|---|---|---|
| 33 | ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ്<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-28 |
| 34 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 08-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 19-02-2022) | 1-29 |
| 35 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 19-02-2022) | 1-30 |
| 36 | ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിലെ സ്റ്റോക്ക് രേഖപ്പെടുത്തൽ അപൂർണം<br>Written By: Renjith C (Auditor, On 09-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-31 |
| 37 | തുല്യതാപരീക്ഷ -അധികമായി ചെലവഴിച്ച തുകയായ 11400/- തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-02-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 27-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 26-12-2021)<br>Last Updated By: K Sreeja (Deputy Director, On 04-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 27-01-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 18-02-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

28.02.19 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 355491364/-രൂപയും പ്രതീക്ഷിത ചെലവ് 354006090/- രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25.02.2020-ലെ നമ്പർ 12(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു

(എ)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബജറ്റ് ഹെഡ്കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് ഹെഡ്കോഡ് | എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|---|---|
| 1 | അസാധാരണചെലവുകൾ | 2207101 | 75000 | 220710101<br>220710102 | 81554 |
| 2 | വൈദ്യുതി/ഊർജ്ജം | 2301101 | 50000 | 230110102 | 85049 |
| 3 | പൊതു-ആരോഗ്യപരിപാടികൾ | 2512002 | 37681 | 251200201 | 587501 |
| 4 | പൊതു ശുചിത്വം-മാലിന്യപരിപാലനം | 2512026 | 405000 | 251202601 | 437367 |
| 5 | ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 2513006 | 470625 | 251300601 | 11862006 |
| 6 | ബഡ്സ് -റീഹാബിലിറ്റേഷൻ& ഫെസിലിറ്റേഷൻ സെന്റർ | 2513016 | 0 | 251301601 | 723921 |

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമനം | ഇനം | കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധമേഖലകളും- തെങ്ങ് കൃഷി | 2501009 | 288000 | 0 |
| 2 | കൃഷിയും അനുബന്ധമേഖലകളും- കിഴങ്ങു വിളകൾ | 2501013 | 23000 | 0 |
| 3 | ജലസംരക്ഷണം | 2502006 | 125000 | 0 |
| 4. | സേവനസംരംഭങ്ങൾ | 2503015 | 500000 | 0 |
| 5. | വായനശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ | 2511016 | 100000 | 0 |
| 6. | പ്രത്യേക ആരോഗ്യപരിപാടി | 2512003 | 984400 | 0 |
| 7. | പകർച്ചവ്യാധി നിയന്ത്രണം | 2512024 | 100000 | 0 |
| 8 | അഗതിക്ഷേമപരിപാടികൾ | 2513007 | 100000 | 0 |
| 9. | ഇ.എം.എസ്-സമ്പൂർണ്ണ ഭവനപദ്ധതി | 2513013 | 620115 | 0 |
| 10 | പ്രത്യേക ശിശുക്ഷേമപരിപാടികൾ | 2514002 | 846800 | 0 |
| 11 | അംഗൻവാടി അനുബന്ധസൗകര്യങ്ങൾ | 2514202 | 1109600 | 0 |
| 12 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടകസ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം | 2516007 | 150000 | 0 |
| 13 | ലെയിനുകൾ | 2522002 | 420000 | 0 |
| 14 | കലുങ്കുകളും ചപ്പാത്തുകളും | 2522004 | 100000 | 0 |
| 15 | പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 2531009 | 150000 | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-1/21-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2020 | 01.06.2020 |

### 1-2-1 വാർഷികപത്രികയിലെ അപാകതകൾ

വാർഷികപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ( വരവ് 115655369/- ചെലവ് 122861503/-).

2.വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

4. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (2807925)എന്നത് Net Increase/decrease In Cash And Cash Equivalents-മായി പൊരുത്തപ്പെടുന്നില്ല.

5. ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

6. 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

7.ഹഡ്‌കോ- ലോൺ രജിസ്റ്റർ പ്രകാരം 31.03.2021-വരെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (64855499) വാർഷിക ധനകാര്യപത്രികയിലെ തുകയുമായി (64936381) പൊരുത്തപ്പെടുന്നില്ല

8.വിവിധയിനങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റ് തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9. തൻവർഷം കുടിശികയിനത്തിൽ ലഭ്യമായ തുകകൾ മുൻവർഷ വാർഷിക ധനകാര്യപത്രികയിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Profession Tax-instituton/professionals/ Traders | 10620 |
| Licece Fees For Dangerous And Offensive Traders | 9500 |
| Property Tax Non-residential Buildings (Arrear) | 5752 |

10. വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകളുടെ B-18-ലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഏജൻസി | 2018-19 ബി-18 പ്രകാരമുള്ള തുക | തൻവർഷം നൽകിയതുക | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് | 2019-20 ബി-18 പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | 1430981 | 149800 | 1580781 | 0 | 149800 | 1430981 |
| കെ.എസ്.ഇ.ബി | 1851956 | 140247 | 1992203 | 0 | 1851956 | 140247 |

11. B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ, (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി, ഭൂജലവകുപ്പ്) ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12.Advance To Others, Advance To Implementing Officers എന്നീയിനങ്ങളിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| Advance To Others | 835576 | 1239943 | 956870 | 1117624 | 1025 |
| Advance To Implementing Officers | 471610 | 172500 | 150000 | 0 | 494110 |

13.ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020-ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ

രേഖപ്പെടുത്തിയിട്ടില്ല.

14.MGNREGA-I-6 ലെ വരവ് തുകയും (1027867) I-14(a)-ലെ ചെലവ് തുകയും (1002854) പൊരുത്തപ്പെടുന്നില്ല.

15. 185/20, എന്ന പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ആകെ ചെലവഴിച്ചിട്ടുള്ളത് 440000/- രൂപയാണ്. എന്നാൽ പ്രസ്തുത ചെലവ് തുകയിൽ 200000/-, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

16.എ.സി.ആർ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ (320700205) തൻവർഷം മുന്നിരിപ്പ് 999687/-രൂപയാണ്. എന്നാൽ 2018-19 ബി-4 പ്രകാരം നീക്കിയിരുപ്പ് 8650/- രൂപയാണ് .

17.ശുചിത്വമിഷൻ- പ്രോജക്ട് ചെലവ് എ.സി.ആർ പ്രകാരം പൊരുത്തപ്പെടുന്നില്ല. മേൽ അപാകങ്ങൾ പരിശോധിച്ച് ആവശ്യമായ ക്രമപ്പെടുത്തലുകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് നം | എ.സി.ആർ പ്രകാരമുള്ളചെലവ് | സുലേഖപ്രകാരമുള്ള ചെലവ് |
|---|---|---|
| 233/20 | 144000 | 132000 |
| 221/20 | 500000 | 499039 |

## 1-3 ഗ്രാന്റ് വിനിയോഗം

1. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ) | 11601246 | 16057128 |
| * വികസന ഫണ്ട് (എസ്.സി.പി) | 4586150 | 4667033 |

* പ്രാദേശിക സർക്കാരുകൾക്ക് 3 ഗഡുക്കളായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല. ആയതിനാൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ് സി പി) പ്രകാരമുള്ള 80883/- രൂപയുടെ വിവരം ധനകാര്യപത്രിക, സുലേഖ, എ സി ആർ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. 2019-20 -ൽ വിവിധ ഗ്രാന്റിനത്തിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ ലാപ്സായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക എ.സി.ആർ പ്രകാരം | 2019-20 ലെ ക്യു ബിൽ തുക / ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 12796815 | *11601246 | 1195569 | 91 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 5778235 | **4586150 | 1192085 | 79 |
| വികസന ഫണ്ട് (ടി.എസ്.പി) | 160000 | 0 | 160000 | 0 |
| സി.എഫ്.സി (Untied) | 13308281 | 7241526 | 6066755 | 54 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 11295000 | 4518894 | 6776106 | 40 |
| മെയിന്റൻസ് ഫണ്ട് നോൺ റോഡ് | 5689000 | 5254894 | 434106 | 92 |

* ചെലവ്വ തുക സുലേഖ പത്രിക പ്രകാരം 16057128/-

**ചെലവുതുക സുലേഖ പത്രിക പ്രകാരം 4667033/-

സഉ(കൈ)നം-11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക6.2 (1)പ്രകാരം പട്ടികവർഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കാതെ പാഴാക്കിയിരിക്കുന്നു.

(3) സംസ്ഥാന ബജററ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്കുകൾക്കായി വകയിരുത്തിയിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക | സുലേഖാ പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 17910000 | 25408143 |
| വികസന ഫണ്ട്- SCP | 5940000 | 6988823 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 11295000 | 13185281 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 13305000 | 15959520 |

സ.ഉ (സാധാ) നം 990/2019/തസ്വഭവ തിരുവനന്തപുരം തീയതി 15.05.2019 പ്രകാരം 2019-20 ബജററ് അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പ്രോജക്ട് തുകകൾ പരിഷ്കരിക്കേണ്ടതുണ്ട്. ഇപ്രകാരം പദ്ധതി അടങ്കൽ തുകകൾ പരിഷ്കരിച്ചിട്ടില്ല.

4) ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5499273 | 1822836 | 33 |
| | സേവനം | 19032114 | 14109104 | 74 |
| | പശ്ചാത്തലം | 876756 | 125188 | 14 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 50000 | 0 | 0 |
| | സേവനം | 5703823 | 3933262 | 69 |
| | പശ്ചാത്തലം | 785000 | 733771 | 93 |
| പട്ടിക വർഗവിഭാഗം വിഭാഗം | പശ്ചാത്തലം | 160000 | 0 | 0 |
| ധനകാര്യകമ്മീഷൻ | ഉല്പാദനം | 375000 | 0 | 0 |
| | സേവനം | 1353357 | 369494 | 27 |
| | പശ്ചാത്തലം | 14141163 | 6782032 | 48 |
| വനിതാഘടക പദ്ധതി | | 5071800 | 1069000 | 21 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-2/2021-ന് 2019 ഡിസംബർ മുതൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ക്യൂവിലാകുകയും ചെയ്തതിനാലാണ് ചെലവ് തുകയിൽ കുറവ് വരാൻ കാരണമായിട്ടുള്ളതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 166121085 | 138 | 96603994 | - | 103 | 57 |

തൻവർഷം 57% പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 58% ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 20/21-ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി വികസനം പ്രാപ്യമാക്കുന്ന രീതിയിൽ പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 262440 | 282 |
| കർഷക തൊഴിലാളി പെൻഷൻ | 4085400 | 684 |
| വിധവ പെൻഷൻ | 7434600 | 1026 |
| വാർദ്ധക്യകാല പെൻഷൻ | 11084400 | 1929 |
| വികലാംഗ പെൻഷൻ | 2481500 | 422 |
| വിവാഹ ധനസഹായം | 240000 | 08 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 178800 | 24 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2021 12.15 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5817/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിവിധ രജിസ്റ്ററുകളുടെ പരിപാലനം, നികുതി നികുതിയേതര തനതുവരുമാനങ്ങളുടെ ശേഖരണത്തിൽ കൂടുതൽ കൃത്യതയും ആധികാരികതയും വരുത്തേണ്ടതുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം, സാക്ഷ്യപ്പെടുത്തൽ എന്നിവയിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയതുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂവർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവു പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്ന ഉറപ്പാക്കേണ്ടതുമാണ്.

രജിസ്റ്ററുകളുടെ പരിപാലനം ഒട്ടും തൃപ്തികരമല്ല. മരാമത്തുപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18432 | 1415520 | 1433952 | 1002854 | 431098 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 71422993 | 71422993 | 71422993 | |
| ആകെ | 18432 | 72838513 | 72856945 | 72425847 | 431098 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2021 | 2020-21 | - |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 19.11.2018 | 2013-14 മുതൽ 2017-18 വരെ | 17.03.2021 |

## 1-10-1 രസീതുകൾ റദ്ദാക്കുമ്പോൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപെടുത്തുന്നില്ല

വിവിധ കാരണങ്ങളാൽ റദ്ദാക്കപ്പെടുന്ന രസീതുകളിൽ റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെ രസീതുകൾ സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം . | രസീത് നം |
|---|---|---|
| 1 | 40762 | 64 |
| 2 | 3564 | 41 |
| 3 | 3564 | 42 |
| 4 | 40771 | 22 |
| 5 | 40768 | 78 |
| 6 | 40763 | 7 |
| 7 | 40761 | 28 |
| 8 | 40761 | 36 |

എന്തെങ്കിലും കാരണവശാൽ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നാൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി രസീത് കൗണ്ടർ ഫോയിലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10-2 രസീത് പ്രകാരം പിരിച്ചെടുത്ത തുക ഒടുക്കുന്നതിൽ വീഴ്ച

ബുക്ക് നം 40761 വഴി പിരിച്ചെടുത്തതിൽ രസീത് നം 50 വരെയുള്ള തുക മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. ആകെ 66 രസീതുകൾ ടി സാമ്പത്തിക വർഷം ഉപയോഗിച്ചിട്ടുണ്ട്. ഒടുക്കാത്ത തുകയുടെ രസീത് നം ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം | തുക |
|---|---|---|
| 1 | 51 | 388 |
| 2 | 52 | 646 |
| 3 | 53 | 521 |
| 4 | 54 | 526 |
| 5 | 55 | 394 |
| 6 | 56 | 614 |
| 7 | 57 | 897 |
| 8 | 58 | 640 |
| 9 | 59 | 1530 |
| 10 | 60 | 351 |
| 11 | 61 | 521 |
| 12 | 62 | 261 |
| 13 | 63 | 555 |
| 14 | 64 | 685 |
| 15 | 65 | 1166 |
| 16 | 66 | 69 |
| | ആകെ | 9764 |

രസീത് പ്രകാരമുള്ള തുകകൾ അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം 5 വഴി ആവശ്യപ്പെട്ടതിനെ തുടർന്ന് 1210102291 / 22-11-2021 രസീത് പ്രകാരം തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് പരിശോധിച്ചതിൽ 16 വാർഡുകളിലായി 406 പേർ ലിസ്റ്റിൽ ഉൾപെട്ടിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ വ്യവസായങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് 206 പേർക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. ഇരുന്നൂറോളം സ്ഥാപനങ്ങൾ

ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഇല്ലാതെ തനത് സാമ്പത്തിക വർഷം ടി സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിനു കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം 10 ന 'മുൻവർഷം എഴുതി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിന്റെ തുടർച്ചയാണ് ഇപ്പോഴും എഴുതി തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ അതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും ഇപ്പോൾ നിലവിൽ ഇല്ലാത്തതും പ്രവർത്തന രഹിതവും ആയവയാണ്. ആയതിനാലാണ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ കടകൾക്കും ലൈസൻസ് നല്കാൻ കഴിയാത്തത് . കൂടാതെ 2019-20 സാമ്പത്തിക വർഷം അവസാനം കോവിഡ് മഹാമാരി പടർന്നു പിടിച്ച സാഹചര്യത്തിൽ ക്യാമ്പ് കളക്ഷൻ നടത്താനോ ഫീൽഡിൽ ഇറങ്ങാനോ കഴിയാത്ത സാഹചര്യം നിലവിൽ വന്നതിനാലാണ് ലൈസൻസ് നൽകിയ എണ്ണത്തിൽ കുറവ് വന്നത്' എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ എടുക്കേണ്ടിയിരുന്ന ലൈസൻസ് കോവിഡ് മഹാമാരി കാരണം സാമ്പത്തിക വർഷത്തിന്റെ അവസാനം നല്കാൻ സാധിച്ചില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആര്യൻകോട് പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ലെന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്തിലുള്ള 16 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-2 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല.

1996 -ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടിയായി, 20 റേഷൻകടകളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്, ഇവരിൽ ആരും തന്നെ ലൈസൻസ് എടുക്കാൻ കൂട്ടാക്കിയിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഇവയെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ് ആക്ട് വകുപ്പ് 3-1 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലാത്തതായി കണ്ടു. കളക്ഷൻ ചാർജ്ജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ തിയ്യതി08/23.11 -2021 ).

## 1-13 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 27.11.2021 ൽ 21 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഓഫീസുകൾക്കും മറ്റ സ്ഥാപനങ്ങൾക്കും നൽകിയ ഡിമാന്റിന്റെ പകർപ്പാണ് ലഭ്യമാക്കിയത്. ആയതിനാൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഡിമാന്റ് നോട്ടീസ്/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ /കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ

നിക്ഷിപ്തമായിരിക്കും.

## 1-13-1 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ വ്യാപാരികളുടെ ലിസ്റ്റിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 27.11.2021 തീയതിയിൽ 21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കുവാൻ തയ്യാറാകുന്നില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്. പ്രസ്തുത തുകകൾ ഒടുക്കുവാൻ തയ്യാറാകാത്ത റേഷൻ കടകളുടെ വിവരം സിവിൽ സപ്ലൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-2 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. കാർഷിക സംരക്ഷണ ഗ്രാമ വികസന സഹകരണ സംഘം, ക്ലിപ്തം നം. T 2029, ഒറ്റശേഖരമംഗലം

2. ഗ്രാമശ്രീ കാർഷിക ഉല്പന്ന വിപണന കേന്ദ്രം, ഒറ്റശേഖരമംഗലം

3. സി എസ് ആർ ഹോമിയോ ക്ലിനിക്, ഒറ്റശേഖരമംഗലം

4. ഒറ്റശേഖരമംഗലം ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം

5. ശ്രീകൃഷ്ണ മോട്ടോഴ്സ്, ഒറ്റശേഖരമംഗലം

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 27.11.2021 ൽ 21 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 204, 205, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4,5,6 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ദേവി എന്റർപ്രൈസസ്, ആര്യൻകോട്

2. ആദാം ഫൈനാൻസ്, ആര്യൻകോട്

3. ആദാം ഫൈനാൻസ്, ഒറ്റശേഖരമംഗലം

4. അഭിഷേകം ട്രേഡേഴ്സ്, ആര്യൻകോട്

5. ചന്ദന ടൂ വീലേഴ്സ്, ആര്യൻകോട്

6. കാർത്തിക ബേക്കറി, ഒറ്റശേഖരമംഗലം

7. ഐ-ടെക് കമ്പ്യൂട്ടേഴ്സ്, ഒറ്റശേഖരമംഗലം

8. ശ്രീപാദം പെയിന്റ്സ് & ഹാർഡ്‌വെയേഴ്സ്, ഒറ്റശേഖരമംഗലം

9. ജെ & ജെ കൺസ്ട്രക്ഷൻസ്, ഒറ്റശേഖരമംഗലം

10. അമൃതം ഫൈനാൻസ്, ഒറ്റശേഖരമംഗലം

11. അനന്തു ഏജൻസീസ്, ഒറ്റശേഖരമംഗലം

12. ബഥേൽ ഓഡിറ്റോറിയം, കരിക്കോട്ടുകുഴി

13. ദേവി ക്ഷേത്രം ഹാൾ, ചിലമ്പറ

14. മണ്ഡപത്തറ ശ്രീഭദ്രകാളി ക്ഷേത്രം ഓഡിറ്റോറിയം, മൈലച്ചൽ

15. മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം, ആര്യൻകോട്

ഇത് സംബന്ധിച്ച് 27.11.2021 തീയതിയിൽ 21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി/തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-15 പിരിച്ചെടുത്ത നികുതി നിർദ്ദിഷ്ട നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ലൈസൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ ഏതാനും സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാനങ്ങൾ എന്നിവയിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി നിർദ്ദിഷ്ട തൊഴിൽ നികുതി നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിലെ നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി ഈടാക്കിയ നികുതി |
|---|---|
| കുഴിയാറ്റിൽ ആയുർവ്വേദിക് ക്ലിനിക് | 1250 |
| കാരുണ്യ ആയുർവ്വേദിക് ക്ലിനിക് | 1250 |
| പൂമുഖം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ഹോം | 1250 |
| ആൻസ് ക്ലിനിക്, ചെമ്പൂർ | 1250 |
| സി ജെ എം ക്ലിനിക്, ഒറ്റശേഖരമംഗലം | 1250 |

രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി 1250/-രൂപ വീതം ഈടാക്കിയിട്ടുണ്ടെങ്കിലും ഓരോ അർദ്ധവർഷത്തേയ്ക്കുമായി വിഭജിക്കുമ്പോൾ നിർദ്ദിഷ്ട നിരക്കുകളുമായി യോജിക്കുന്നില്ല. ടേൺ ഓവറിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതെങ്കിൽ ആയത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന നികുതി നിരക്കുകളെക്കുറിച്ച് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുക സാദ്ധ്യമല്ല. മാത്രമല്ല ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് 27.11.2021 ൽ 21 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കിയതിൽ വന്നുപോയ പിശകാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. തനതു ഫണ്ടിന്റെ പ്രധാന ഉറവിടമായ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയും ജാഗ്രതയും പുലർത്തേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 5250/-രൂപയാണ്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം

ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| ഡിഷ്നെറ്റ് വയർലസ് | 14 | 14/524 | 5250 | 5250 | 2019-20 |

ഇതു സംബന്ധിച്ച് 23.11.2021 ൽ നൽകിയ 06 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-17 അപേക്ഷ ഫീസ് ഈടാക്കിയതിലെ കറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം

2019-2020 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയതിലെ കുറവു കാരണം പഞ്ചായത്തിനു വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ I ചട്ടം 5(1), 7(1) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ഫീസ് 20/-രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആര്യൻകോട് ഗ്രാമ പഞ്ചായത്തിൽ 2019-2020 വർഷം 12/-രൂപ മാത്രമാണ് ഈ ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | ഈടാക്കിയ പെർമിറ്റ് ഫീസ് (രൂപ) |
|---|---|---|---|
| 01 | അംബിക, കൃപ ഭവൻ, ചിലമ്പറ | A3/4855/19<br>07.08.2019 | 12 |
| 02 | റവ. ജോസഫ് അനിൽ<br>മാനേജർ, എൽ. സി സ്കൂൾ | A3/4870/19<br>07.08.2019 | 12 |
| 03 | സജിത്ത് ജി. എസ് നായർ<br>രാധ ഭവൻ, കാലായിൽ വീട്, പശുവണ്ണറ | A3/5185/19<br>22.08.2019 | 12 |
| 04 | ശ്രീജിത്ത് & അശ്വതി<br>ഐശ്വര്യ നിവാസ്, കുറ്റിയാണിക്കാട് | A3/5342/19<br>22.08.2019 | 12 |
| 05 | ശശി & ലളിത<br>ശരത് ഭവൻ, മുള്ളൻകുഴി | A3/5352/19<br>22.08.2019 | 12 |
| 06 | പ്രവീൺ, ചിലവൂർ, കിഴക്കുകര | A3/5354/19<br>22.08.2019 | 12 |
| 07 | വിജയൻ, അനിത ഭവൻ, വടക്കേവിള | A3/5393/19<br>24.08.2019 | 12 |
| 08 | മധുസൂദനൻ നായർ,<br>ഉഴമലയ്ക്കൽ വടക്കുംകര പുത്തൻവീട് | A3/5527/19<br>30.08.2019 | 12 |
| 09 | രഞ്ജിനി<br>റോഡരികത്ത് വീട്, പുതുവൽ, ചെമ്പൂര് | A3/5542/19<br>30.08.2019 | 12 |

| | | | |
|---|---|---|---|
| 10 | ഷൈൻ, ദിവ്യ<br>കെ എസ് ഭവൻ, ചെമ്പൂര് | A3/5571/19<br>31.08.2019 | 12 |
| 11 | യേശുദാസൻ<br>ലിജിൻ ഭവൻ, മഞ്ചംകോട് | A3/5603/19<br>02.09.2019 | 12 |
| 12 | ജസ്റ്റിൻരാജ്, സുനിത<br>ഡാഫോഡിൽസ്, മണ്ണാംകോണം | A3/5640/19<br>04.09.2019 | 12 |
| 13 | അനൂപ്<br>റോഡരികത്ത് വീട്, ഇടപ്പറക്കോണം | A3/5659/19<br>04.09.2019 | 12 |
| 14 | സാധുകുഞ്ഞ്<br>അയന്തിത്തോട്ടം, തലനിര<br>പുത്തൻവീട് | A3/5671/19<br>04.09.2019 | 12 |
| 15 | ധർമ്മരാജൻ<br>അഖിൽ ഭവൻ, മഞ്ചംകോട് | A3/5687/19<br>05.09.2019 | 12 |
| 16 | സുധീഷ്, ശരണ്യ<br>വെള്ളാങ്ങൽ വലിയവീട് | A3/5713/19<br>06.09.2019 | 12 |
| 17 | രതീഷ്<br>രതീഷ് ഭവൻ, വലിയവിളപ്പുറം | A3/5730/19<br>07.09.2019 | 12 |
| 18 | രാജേഷ് കുമാർ<br>ഡ്രീം പാലസ്, കരിക്കറത്തല | A3/5631/19<br>03.09.2019 | 12 |
| 19 | രാജീവ്<br>കിഴക്കേചരിവിള പുത്തൻവീട് | A3/5972/19<br>18.09.2019 | 12 |
| 20 | ദീപുകുമാർ, സരിത<br>വിളയിൽവീട്, ഉൗയൂർ | A3/5805/19<br>18.09.2019 | 12 |
| 21 | വിനുകുമാർ<br>പുലകൽവീട്, മൈലച്ചൽ | A3/5835/19<br>18.09.2019 | 12 |
| 22 | രതീഷ്<br>പൂവൻകുറക്കോട്, മേക്കുംകര<br>പുത്തൻവീട് | A3/5917/19<br>25.09.2019 | 12 |
| 23 | പ്രസിഡന്റ്/സെക്രട്ടറി<br>കേരള വിശ്വകർമ്മസഭ, ചെമ്പൂര് | A3/5969/19<br>26.09.2019 | 12 |
| 24 | അനീഷ്, പ്ലാങ്കാല | A3/5981/19<br>27.09.2019 | 12 |
| 25 | സുരേന്ദ്രി, പാലസ്<br>ആലുംകുഴി റോഡരികത്ത് വീട്,<br>മണ്ണാംകോണം | A3/5984/19<br>27.09.2019 | 12 |
| 26 | അനീഷ്കുമാർ<br>കാർത്തിക ഭവൻ, ആര്യൻകോട് | A3/6003/19<br>28.09.2019 | 12 |
| 27 | രാജേഷ്കുമാർ<br>ആർ ജി പാലസ്, ആര്യൻകോട് | A3/6004/19<br>28.09.2019 | 12 |
| 28 | ത്രിത്വഘോഷ്<br>കൃപ സദനം, പനംകുഴി | A3/6058/19<br>01.10.2019 | 12 |
| 29 | അനീഷ് വി കെ<br>ബിന്ദു നിവാസ്, പ്ലാങ്കാല | A3/6063/19<br>01.10.2019 | 12 |
| 30 | ജോൺറോസ്<br>താന്നിമൂട്, തലനിര, ചെമ്പൂര് | A3/6082/19<br>01.10.2019 | 12 |
| 31 | ജി ജി സനിൽ<br>സന്തോഷ് ഭവൻ, പഴിഞ്ഞിപ്പാറ | A3/6113/19<br>03.10.2019 | 12 |
| 32 | അഭിലാഷ്<br>മേലെ കരിക്കോട്ടുകുഴി | A3/6267/19<br>10.10.2019 | 12 |
| 33 | വൈശാഖ്, ശാക്തിക<br>വൈശാഖം, മൈലച്ചൽ | A3/6331/19<br>14.10.2019 | 12 |
| 34 | സുനിൽകുമാർ<br>പാലേലി വില്ല, കരിക്കറത്തല | A3/6215/19<br>09.10.2019 | 12 |
| 35 | ശശി, ബിന്ദു<br>ചിത്രവിലാസം, കോവില്ലുവിള | A3/6367/19<br>16.10.2019 | 12 |

| | | | |
|---|---|---|---|
| 36 | പ്രസിഡന്റ്<br>എൻ എസ് എസ് കരയോഗം, കോവില്ലവിള | A3/6483/19<br>22.10.2019 | 12 |
| 37 | ജയകുമാർ<br>ജിബീഷ് നിവാസ്, ഒഴുകുപാറ | A3/6767/19<br>02.11.2019 | 12 |
| 38 | വിജയൻ<br>വി പി കോട്ടേജ്, ചെമ്പൂര് | A3/6980/19<br>11.11.2019 | 12 |
| 39 | മോളി<br>അതുൽ നിവാസ്, ഇടവാൽ | A3/7023/19<br>13.11.2019 | 12 |
| 40 | ജയചന്ദ്രൻ, ശാന്തിനി<br>മണ്ണാംകോണത്ത് വീട്, മാത്തിക്കോണം | A3/7103/19<br>18.11.2019 | 12 |
| 41 | പത്രോസ്<br>കരിക്കോട്ടുകുഴി റോഡരികത്ത് വീട്, ചെമ്പൂര് | A3/7125/19<br>18.11.2019 | 12 |
| 42 | ലൈല, മണി<br>ഷീല ഭവൻ, ചെമ്പൂര് | A3/7134/19<br>19.11.2019 | 12 |
| 43 | ചെയർമാൻ<br>മേരിമാത എഡ്യൂക്കേഷൻ സൊസൈറ്റി, പാലിയോട് | A3/4054/19<br>08.07.2019 | 12 |
| 44 | അനീഷ് ജെ കെ<br>മഹേഷ് ഭവൻ, വിട്ടിയോട് | A3/3741/19<br>26.07.2019 | 12 |

മേൽ സൂചിപ്പിച്ച അപേക്ഷകരിൽ നിന്നും 12/-രൂപ നിരക്കിൽ അപേക്ഷ ഫീസ് ഈടാക്കിയതിനാൽ ആകെയുള്ള 44 അപേക്ഷകരിൽ നിന്നും 08/-രൂപ വീതം ഈ ഇനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ തനത് ഫണ്ടിനുണ്ടായ വരുമാന നഷ്ടം (44X8) 352/-രൂപയാണ്. ഈ രീതിയിലുള്ള വരുമാന നഷ്ടം പഞ്ചായത്തിനുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ജാഗ്രക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിലുണ്ടായ വരുമാനനഷ്ടം 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ വകുപ്പ് 243(3) നിഷ്കർഷിക്കും പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് 30.11.2021 ൽ 29 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും 12/-രൂപ മാത്രമേ അപേക്ഷ ഫീസ് ഇനത്തിൽ വാങ്ങിയിട്ടുള്ളൂവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-18 ലേല ഉടമ്പടി സൂക്ഷിക്കുന്നില്ല

ലേല തുക നിശ്ചിത സമയ പരിധിക്കുള്ളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാമെന്ന് ലേലം പിടിച്ച വ്യക്തി ഉടമ്പടി ചെയ്യേണ്ടതുണ്ട്. മുദ്ര പത്രത്തിൽ എഴുതി തയ്യാറാക്കിയ ഇത്തരം ഉടമ്പടി പത്രം ലേലം പിടിച്ച വ്യക്തികൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ഇത്തരം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല വസ്തു | ലേലം പിടിച്ചത് | തുക |
|---|---|---|---|
| 1 | ആര്യങ്കോട് മാർക്കറ്റിലെ ഗേറ്റ് ഫീ പിരിവ് | ഗോപകുമാർ | 88500 |
| 2 | ചെമ്പൂര് മാർക്കറ്റിലെ ഗേറ്റ് ഫീ പിരിവ് | ഗോപകുമാർ | 85000 |
| 3 | ചെമ്പൂര് മാർക്കറ്റിലെ ഇറച്ചി വ്യാപാരം | അബൂ ബക്കർ | 1,11,000 |

ഉടമ്പടി പത്രത്തിന്റെ അഭാവത്തിൽ ലേലം പിടിച്ച വ്യക്തികൾ തുക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം തുക ഈടാക്കാൻ സ്വീകരിക്കുന്ന നിയമ നടപടികൾ എങ്ങനെയാണെന്ന് അറിയിക്കണമെന്ന ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17ന 'ഫയൽ പ്രോസസ്സിങ്ങിൽ വന്ന പോയ അപാകതയാണ്. ഇനി മുതൽ ലേലം പിടിക്കുന്ന വ്യക്തികളിൽ നിന്ന് ഇത്തരം ഉടമ്പടി വെച്ച മുദ്ര പത്രം എഴുതി വാങ്ങി സൂക്ഷിച്ച് കൊള്ളാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്'. ഇതുവരെ ഇത് പാലിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ലേല തുക നിശ്ചിത സമയപരിധിക്കുള്ളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിക്കൊള്ളാമെന്ന ഉടമ്പടി പത്രം അപേക്ഷകരിൽ നിന്ന് കർശനമായി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-19 വെള്ളക്കരം ഒടുക്കൽ-പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേരളവാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഒടുക്കൽ |
| പ്രോജക്ട് നം | 03/20 |
| അടങ്കൽ തുക | 1280000 |

| | |
|---|---|
| ചെലവ് തുക | 1280000 |
| ബിൽനം-/ തീയതി | 3/19-20- 113799, 19.04.19, 6/19-20 – 113750 22.05.19, 17/19-20 113750/- 21.06.19, 25/19-20 113750/- 24.07.19, 35/19-20 – 113750/- 24.08.19 41/19-20 113750/- 27.09.19, 44/19-20 – 113750/- 21.10.19, 51/19-20 – 113750/- 26.11.19,57/19-20 – 113750/- 02.01.20, 59/19-20 – 113750/- 24.01.20, 61/19-20 – 113750/- 17.03.20, 64/19-20 – 28701/- 18.03.20 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 260 വാട്ടർടാപ്പുകൾക്കാണ് പ്രതിമാസം വെള്ളക്കരം കണക്കാക്കിയിട്ടുള്ളത്. ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. ഇപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, തെരുവ് ടാപ്പുകളുടെ രജിസ്റ്റർ, പഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് ടാപ്പുകളുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം-25/2021 -ന് മറുപടി ലഭ്യമാക്കിയില്ല . യഥാർത്ഥത്തിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ വെള്ളക്കരം ഒടുക്കുന്നതെന്ന് വ്യക്തമല്ല. ഇതുവരെയായി എത്ര ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും അത് എവിടെയൊക്കെയാണ് എന്നും, അവയെല്ലാം പ്രവർത്തനക്ഷമമാണ് എന്നും ഉറപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു രജിസ്റ്റർ ആധികാരികമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - 371497/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സഉ(കൈ)നം-11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക11.2 (ഡി)(ii) പ്രകാരം കെ.എസ്.ഇ.ബി, കേരളവാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നീ ഏജൻസികൾക്ക് മുൻകൂർ നൽകുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പടേണ്ടതാണ്. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന നിക്ഷേപപ്രവൃത്തികൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | അടങ്കൽ തുക | ചെലവ് തുക | ബിൽനം-/ തീയതി |
|---|---|---|---|---|
| വിവിധ വാർഡുകളിലെ പോസ്റ്റ്മാറ്റൽ | 39/20 | 300000/- | 107563/- | 29/19-20- 24504/-, 16.08.19, 10/19-20 – 83059/- 11.06.19, |
| വിവിധ വാർഡുകളിലെ പോസ്റ്റ്മാറ്റൽ | 161/20 | 32684/- | 32684/- | 2/19-20 – 32684/- 29.04.19 |
| കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 168/20 | 71000/- | 71000/- | 8/19-20 – 11.06.19 |
| കുഴൽകിണർ നിർമ്മാണം | 178/20 | 243357/- | 81450/- | 34/19-20, 18.09.19 |
| കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 231/20 | 79000/- | 78800/- | 26/19-20 – 29000/- , 30.07.19, 50/19-20 – 49800/- 26.11.19 |

മേൽ നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-26/2021-ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഏജൻസികളുമായി കത്തിടപാട് നടത്തി പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവായ 371497/-രൂപ തടസ്സപ്പെടുത്തുന്നു.

1-20-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 92695/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നം | നിർവ്വഹണം | അടങ്കൽ തുക | ചെലവ് തുക | ബിൽനം-/ തീയതി |
|---|---|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ | 8/20 | സെക്രട്ടറി | 92695 | 92695 | 47/19-20, |

ഐ.കെ.എം-ൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ദുരന്തനിവാരണ പദ്ധതി രൂപീകരണം- തുക റീ ഇംപേഴ്സ് ചെയ്യേണ്ടതാണ്

ദുരന്തനിവാരണ പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി പരിശീലനത്തിനായി ആര്യൻകോട് ഗ്രാമപഞ്ചായത്ത് 23325/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| തിയതി | തുക | ചെക്ക്നം | അക്കൗണ്ട് നം |
|---|---|---|---|
| 14/02-20 | 2300/- | 2970 | SBI-6737 3625090 |
| 15/02-20 | 2300/- | 2970 | ; |
| 27/02-20 | 650/- | 78356 | ; |
| 27/02-20 | 7500/- | 2983 | ; |
| 28/02-20 | 4250/- | 2990 | ; |
| 04/03-20 | 1825/- | 783600 | ; |
| 04/03-20 | 4500/- | 3302 | ; |
| | 23325/- | | |

കില ഡയറക്ടറുടെ 25.01.2020-ലെ കില/2020/101/500/HQ നമ്പർ കത്ത് പ്രകാരം ദുരന്തനിവാരണ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പരിശീലനത്തിന് വേണ്ടി വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണെന്നും ചെലവ് സംബന്ധിയായ അസ്സൽ ബില്ലുകൾ കിലയിലേക്ക് അയക്കുന്ന മുറയ്ക്ക് തുക റീ-ഇംപേഴ്സ് ചെയ്യുന്നതാണ് അറിയിച്ചിട്ടുള്ളതാണ്. ഇപ്രകാരം ചെലവ് രേഖകൾ പരിശോധിച്ച് കില 23/03/2020ന്, 16350/രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിന് നല്കിയിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതി രൂപീകരണത്തിൽ ഈയിനത്തിൽ നഷ്ടമുണ്ടായതിനുള്ള വിശദാംശം ലഭ്യമല്ല. ഈ തുക തിരികെ ലഭ്യമാകാത്തതിനാൽ 6975/ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പരിശീലന പരിപാടിയുടെ ചെലവ് തുക കിലയിൽ നിന്നും റീ-ഇംപേഴ്സ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.31 /2021-ന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ചെലവ് ചെയ്ത 6975/ രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിച്ചിട്ടില്ല

വെറ്ററിനറി സർജൻ 2019-2020 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട്

ഹാജരാക്കിയ രേഖകളോടൊപ്പമുള്ള ക്യാഷ്ബുക്ക് നിർദ്ദിഷ്ട TR 7A മാതൃകയിലുള്ളതല്ല.

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം.TR-7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇതു പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(i) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

ഇതു സംബന്ധിച്ച് 26.11.2021 ൽ 15 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ 2020-21 സാമ്പത്തിക വർഷം മുതൽ നിർദ്ദിഷ്ട TR 7A മാതൃകയിലുള്ള ക്യാഷ്ബുക്ക് ഉപയോഗിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-23 മരാമത്തുപദ്ധതികളുടെ രജിസ്റ്ററുകളുടെ പരിപാലനം

പദ്ധതി രൂപീകരണത്തിലും നടപ്പിലാക്കുന്നതിലും എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടതായ റജിസ്റ്ററുകൾ മുഴുവനും എഴുതി തയ്യാറാക്കാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം നടത്തുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് റജിസ്റ്റർ, കരാറുകാരുടെ റജിസ്ട്രേഷൻ റജിസ്റ്റർ, എസ്റ്റിമേറ്റ് റജിസ്റ്റർ, സി.ടി.ഇ. റിപ്പോർട്ടിങ്ങ് റജിസ്റ്റർ, എം. ബുക്ക് റജിസ്റ്റർ, വെൽഫെയർ ഫണ്ട് റജിസ്റ്റർ എന്നിവ എഴുതി സീക്ഷിച്ചിട്ടില്ല. കൂടാതെ അസറ്റ് റജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. തൻ വർഷം നടത്തിയ പ്രവർത്തികളൊന്നും അസറ്റ് റജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വലിലും, ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുള്ള റജിസ്റ്ററുകൾ സൂക്ഷിയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ സർക്കുലർ പ്രകാരവും ഈ റജിസ്റ്ററുകളെല്ലാം മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

12.04.2006 ലെ ജി.(ഒ പി)177/2006 ഫിൻ ഉത്തരവിലെ ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഫാറം റ്റി.ആർ 7A മാതൃകയിലുള്ള കാഷ്ബുക്ക് പരിപാലിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിലുള്ള കാഷ്ബുക്ക് പരിപാലിച്ചിട്ടില്ല.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി ( 08/19-20 23.11.2021 )യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിശ്ചിത കാലയളവിനുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയാത്ത ഏതാനും പ്രവൃത്തികളുടെ വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എൻജിനീയർ മുഖേന കാലപരിധി അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ ഇത്തരത്തിലുള്ള അപേക്ഷ സമർപ്പിക്കുകയോ പൂർത്തീകരണ കാലയളവ് അനുമതിയില്ലാതെ ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴയോ ഈടാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 തസ്വഭവ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ആദ്യ മൂന്നു മാസക്കാലയളവിന് 1% നിരക്കിലും തുടർന്ന് ഓരോ മൂന്നു മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കാലതാമസം വരുത്തിയതിന് പിഴ കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ.

എ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 119/19-20 |
| പ്രവൃത്തിയുടെ പേര് | പാലരവിളാകം-റോഡ് കോൺക്രീറ്റ് |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 2,00,000/- |

| | |
|---|---|
| എഗ്രീഡ് പി എ സി | 2,00,000/- |
| ചെലവു തുക | 199927/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 07/11.06.2019 |
| അളവുപുസ്തക നമ്പർ | 299/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 14.08.2018 |
| പൂർത്തീയാക്കിയ തീയതി | 18.02.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 13.12.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 68 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 64-24=40 |
| ആദ്യ മൂന്നു മാസത്തേയ്ക്ക് 1% നിരക്കിലെങ്കിൽ 68 ദിവസത്തേയ്ക്കുള്ള പിഴ തുക | 200000x1% X 40/90 = 889/-രൂപ |
| കരാറുകാരൻ | ശ്രീബിജു.റ്റി.എസ്സ്.എസ്.ഭവൻ,പൊൻവിള,അയിര. |

ബി)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 95/19-20 (217/18) |
| പ്രവൃത്തിയുടെ പേര് | വള്ളിച്ചിറ കുടിവെള്ള പദ്ധതി-മെയിന്റനൻസ് |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ അടങ്കൽ | 1,25,000/- |
| എഗ്രീഡ് പി എ സി | 99954/- |
| ചെലവു തുക | 98649/- |
| ട്രഷറി ബിൽ നമ്പരും തീയതിയും | 30/20.08.2019 |
| അളവുപുസ്തക നമ്പര് | 200/18-19 |
| പൂർത്തീകരണ കാലയളവ് | 4 മാസം (സാങ്കേതികാനുമതി പ്രകാരം) |
| സൈറ്റ് ഹാന്റ്ഓവർ ചെയ്ത് പ്രവൃത്തി ആരംഭിച്ച തീയതി | 14.02.2018 |
| പൂർത്തീയാക്കിയ തീയതി | 29.11.2018 |

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 13.06.2018 |
| അധികമായി എടുത്ത ദിവസങ്ങൾ | 148 |
| എഗ്രിമെന്റ് പ്രകാരം പിഴയില്ലാതെ അനുവദനീയമായ 20% കാലയളവ് | 24 ദിവസങ്ങൾ |
| ഗ്രേസ് പിരീഡ് കഴിച്ച് അധികമായുള്ള ദിവസങ്ങൾ | 148-24=124 |
| ആദ്യ മൂന്നു മാസത്തേയ്ക്ക് 1% നിരക്കിലുള്ള പിഴ തുക | 98649x1%=986/- |
| അടുത്ത മൂന്നു മാസത്തേയ്ക്ക് 2% നിരക്കിലെങ്കിൽ അവശേഷിക്കുന്ന 34 ദിവസത്തേയ്ക്കുള്ള പിഴ തുക | 99954x2%x34/90=755/-<br>ആകെ-986+755=1741/ |
| ആകെ പിഴ സംഖ്യ | 1741/ |
| ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുക | ഇല്ല. |
| ഒടുക്കുവാൻ അവശേഷിക്കുന്ന പിഴ തുക | 1741/ |
| കരാറുകാരൻ | ശ്രീ.വിനോദ്കുമാർ.വി.കെ.ബംഗ്ലാവ്.ആര്യൻകോട് |

ആകെ - 889+1741 = 2630/-

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ എൻക്വയറിക്ക് (08/23.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ജി.എസ്.ടി കോമ്പൻസേഷൻ നൽകിയ തുകയും ജി.എസ്.ടി ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷനായി നൽകുന്ന തുകയും കൂടി ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നതായി കാണുന്നു. ഉദാഹരണമായി, പ്രോജക്ട് നമ്പർ 116/19-20, കിഴിച്ചല്ലൂർ വലിയത്തേരി റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം ആകെ പ്രവർത്തി മൂല്യം 423580/- രൂപയും ജി.എസ്.ടി

കോമ്പൻസേഷനായി (12%), 50830/- രൂപയും ഉൾപ്പെടെ ആകെ 474410/- രൂപ കണക്കാക്കിയിട്ടുണ്ട്. ആയതിന് ശേഷം പ്രസ്തുത തുകയുടെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി, 4697/-രൂപയും സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നിങ്ങനെ 1% വീതം 4745x2= 9490/- രൂപയും ഈടാക്കിയിട്ടുണ്ട്. ജി.എസ്.ടി കോമ്പൻസേഷനായി കരാറുകാർക്ക് അനുവദിക്കുന്ന തുകയ്ക്ക് വീണ്ടും ജി.എസ്.ടി ഉറവിടത്തിൽ കുറവു ചെയ്യേണ്ടതില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (08/23.11.21) തുടർന്നുള്ള ബില്ലുകളിൽ നിന്നും നിയമാനുസൃതമുള്ള കിഴിവ് മാത്രം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-26 വായ്പയെടുക്കാതെ സബ്സിഡി തുക അനുവദിച്ചു - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 167/20 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ ക്യാന്റീൻ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 200000 |
| ചെലവ് തുക | 100000 |
| ബിൽ നം/തീയതി | 1/19-20 , 29.04.2019 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

കുടുംബശ്രീ വനിതകളുടെ സ്വയംതൊഴിൽ പദ്ധതിക്കായി സബ്സിഡിയിനത്തിൽ 100000/- രൂപ ശ്രീവിനായക വനിത കാന്റീന് നൽകിയിട്ടുണ്ട്. മൈലച്ചൽ സർവ്വീസ് സഹകരണബാങ്കിന്റെ അക്കൗണ്ടിൽ സബ്സിഡി തുക നൽകിയിരിക്കുന്നു. മൈലച്ചൽ സർവ്വീസ് സഹകരണബാങ്ക് മാനേജരുടെ 26.03.2019-ലെ കത്തിൽ ശ്രീവിനായക വനിത കാന്റീന് 300000/- രൂപ 21.03.2019-ൽ വായ്പ അനുവദിച്ചതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ പാസ്സ് ബുക്കിന്റെ പകർപ്പ് (അക്കൗണ്ട് നം G-350) പ്രസ്തുത തുക വരവ് വന്നതായി കാണുന്നില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/2021-ന് ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് 300000/- രൂപ വായ്പ പാസ്സാക്കിയതിനനുസൃതമായി സബ്സിഡി തുക നൽകിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. ശ്രീവിനായക വനിത കാന്റീൻ അംഗങ്ങളുടെ ബാങ്ക അക്കൗണ്ടിൽ വായ്പ തുക ക്രഡിറ്റാകതെ സബ്സിഡി അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ വായ്പയെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പദ്ധതി നിർവ്വഹണത്തിലെ അപാകത; 20700/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 69/20

പദ്ധതിയുടെ പേര്: കിണർ റീചാർജിംഗ്

നിർവ്വഹണോദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രാമപഞ്ചായത്ത്

ഫണ്ടിനം: 1) വികസന ഫണ്ട് (പൊതുവിഭാഗം): 180000/-രൂപ

2) ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 72000/-രൂപ

3) ജില്ലാ പഞ്ചായത്ത് വിഹിതം : 108000/-രൂപ

ആകെ അടങ്കൽ: 360000/-രൂപ

ചെലവ് തുക: 71100/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ഭരണാനുമതി നമ്പരും തീയതിയും. 2(1)/22.12.2018

ചെക്ക് നമ്പർ/തീയതി, തുക: 1) 783560/03.01.2020 14400/-

2) 331225/18.03.2020

56700/-

ഗ്രാമ പഞ്ചായത്തിലെ 50 കിണറുകൾ റീ ചാർജ് ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 10 വ്യക്തികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിനു

ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം ലഭിച്ച ഗുണഭോക്താകളുടെ പേരും മേൽവിലാസവും | ബാങ്ക് അക്കൗണ്ട് നമ്പർ | ഐ.എഫ്.എസ് കോഡ് | അനുവദിച്ച തുക | അപാകതകൾ |
|---|---|---|---|---|
| ശാരദ. സി<br>കൈതക്കുഴി മേക്കുംകര വീട്, വെള്ളാങ്കൽ | 67222999422 | SBIN0070322 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| ശ്യാമള | 67217954716 | SBIN0070322 | 7200 | -------- |
| ഷിബു. എം<br>ചെന്നെല്ലൂർക്കോണം, മേക്കതിൽവീട്, മുക്കോലവിള, ഒറ്റശേഖരമംഗലം | 13250100202635 | FDRL0001325 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| | | | | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടില്ല |
| | | | | വാല്യുവേഷൻ രേഖകൾ ഇല്ല |
| സാവിത്രി. കെ<br>കാവിൻപുറംവീട്, ചേണിയംകോട്, ഇടവാൽ | 13250100160916 | FDRL0001325 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| | | | | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടില്ല |
| തോമസ്. കെ<br>ഷിജിൻ ഭവൻ, ഇലവിൻകുഴി, ആര്യൻകോട് | 13250100152269 | FDRL0001325 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| താംസിലി. ജെ<br>കാഞ്ചിയോട് മുഴങ്ങ്, ചെമ്പൂര് | 13250100160569 | FDRL0001325 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| ത്രിത്വ പ്രസാദ്. പി<br>കൃപ നിവാസ്, കുറ്റിയാണിക്കാട് | 57036939093 | SBIN0070322 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| ലത. ബി<br>മേലെകരിക്കോട്ടുകുഴി, ചെമ്പൂര് | 13250100150081 | FDRL0001325 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| തങ്കരാജൻ. എൻ<br>ആര്യൻകോട് കിഴക്കേക്കര പുത്തൻവീട്, ഇടവാൽ | 67279454245 | SBIN0070322 | 6300 | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടില്ല |
| അജിത. എ<br>മൺമേട്ടിൽ, മീനാവോട്, ആനാവൂർ. പി. ഒ | 67249832315 | SBIN0070322 | 7200 | ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല |

ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. സാവിത്രി, ശ്രീ. തങ്കരാജൻ, ശ്രീ. ഷിബു എന്നീ ഗുണഭോക്താക്കൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ശ്രീ.ഷിബു ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷനും ലഭ്യമാക്കിയിരുന്നില്ല. മേൽ പ്രസ്താവിച്ച വ്യക്തികളെ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകിയത് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരമില്ലാതെയാണെന്നതിനാൽ ഇവരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ച 20700/- (7200+6300+7200) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ഇതു സംബന്ധിച്ച ബാദ്ധ്യത നിർവ്വഹണോദ്യോസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ഇതിനെല്ലാം പുറമെ ആനുകൂല്യം കൈപ്പറ്റിയ മിക്ക ഗുണഭോക്താക്കളും അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നത് മറ്റൊരു പോരായ്മയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.11.2021 ൽ 11 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ഭരണസമിതി അംഗീകാരമില്ലാതെ നൽകിയ ആനുകൂല്യത്തുക 20700/- രൂപ തടസ്സത്തിൽ വെക്കുന്നു. പദ്ധതി നിർവ്വഹണം സുതാര്യമായും കാര്യക്ഷമമായും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃമായും നടപ്പിലാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകയിൽ നിന്നും പഞ്ചായത്ത് വിഹിതം കണക്കാക്കി തിരികെ ഒടുക്കേണ്ടതാണ്. വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഇത്തരം പദ്ധതികൾക്ക് അടങ്കൽ തുക നിശ്ചയിക്കുന്നത്. 2017-18 സാമ്പത്തിക വർഷം മുതലുള്ള മൂന്നു വർഷത്തെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിക്കാൻ കഴിയാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2017-18 സാമ്പത്തിക വർഷം | |
|---|---|
| പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 250000 |
| മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക | 250000 |
| ആകെ ധനസഹായ തുക | 500000 |
| ചെലവഴിച്ച തുക | 437191.6 |
| ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 62808.4 |

| 2018-19 സാമ്പത്തിക വർഷം | |
|---|---|
| പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 468750 |

| | |
|---|---|
| മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക | 468750 |
| ആകെ ധനസഹായ തുക | 937500 |
| ചെലവഴിച്ച തുക | 834881 |
| ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 102619 |

| 2019-20 സാമ്പത്തിക വർഷം (1) | |
|---|---|
| പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 300000 |
| മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക | 300000 |
| ആകെ ധനസഹായ തുക | 600000 |
| ചെലവഴിച്ച തുക | 574795.5 |
| ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 25204.5 |

| 2019-20 സാമ്പത്തിക വർഷം (2) | |
|---|---|
| പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | 250000 |
| മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക | 250000 |
| ആകെ ധനസഹായ തുക | 500000 |
| ചെലവഴിച്ച തുക | 441681.5 |
| ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 58318.5 |

വിനിയോഗ സാക്ഷ്യപത്രങ്ങളിലെ ചെലവഴിക്കപ്പെടാത്ത തുകകളിൽ നിന്നും പഞ്ചായത്ത് വിഹിതം കണക്കാക്കി തിരികെ ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2019-2020 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (വനിത), പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (ജനറൽ) എന്നീ പദ്ധതികളിലെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഓഡിറ്റിനു ഹാജരാക്കിയ കന്നുക്കുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 14/20 |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (ജനറൽ) |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) : 300000 |
| | സംസ്ഥാനാവിഷ്കൃതം : 300000 |
| | ഗുണഭോക്തൃ വിഹിതം : 600000<br>(നേരിട്ട് ചെലവഴിക്കുന്നത്) |
| | ആകെ അടങ്കൽ: 1200000 |
| ഭരണാനുമതി നമ്പരും തീയതിയും | 4 (1)/29.05.2019 |
| ചെലവ് തുക | 118750 (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പരും തീയതിയും | 02/30.12.2019 |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 126/20 |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (വനിത) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) : 250000 |
| | സംസ്ഥാനാവിഷ്കൃതം : 250000 |
| | ഗുണഭോക്തൃ വിഹിതം : 500000<br>(നേരിട്ട് ചെലവഴിക്കുന്നത്) |
| | ആകെ അടങ്കൽ: 1000000 |
| ഭരണാനുമതി നമ്പരും തീയതിയും | 2 (1)/22.12.2018 |
| ചെലവ് തുക | 125000 (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പരും തീയതിയും | 03/30.12.2019 |

പ്രോജക്റ്റ് നമ്പർ 14/20 പ്രകാരം 19 (ലക്ഷ്യമിട്ടത് 48 ഗുണഭോക്താക്കൾ) ഗുണഭോക്താക്കൾക്കും പ്രോജക്റ്റ് നമ്പർ 126/20 പ്രകാരം 20 (ലക്ഷ്യമിട്ടത് 40 ഗുണഭോക്താക്കൾ) ഗുണഭോക്താക്കൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഈ ഗുണഭോക്താക്കളുൾപ്പെടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾ കന്നുക്കുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഇക്കാരണത്താൽ ആനുകൂല്യം ലഭിച്ചത് യഥാർത്ഥ കന്നുക്കുട്ടി പരിപാലകർക്കാണെന്ന് സ്ഥിരീകരിക്കുവാൻ സാധിക്കുകയില്ല. കൂടാതെ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാനും കഴിയുകയില്ല.

ഇത് സംബന്ധിച്ച് 26.11.2021 ൽ 15 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കന്നുക്കുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുക്കുട്ടികളുടെ ഉടമസ്ഥരായ വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയും, അങ്ങനെയുള്ളവർക്കു തന്നെയാണ് ആനുകൂല്യം നൽകിയതെന്ന് ഉറപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിളുകൾ അയച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നമ്പർ :30/2021) 'അങ്കണവാടികൾ വഴി വിതരണം ചെയുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ആയതിൻ പ്രകാരം സാമ്പിളുകൾ അംഗീകൃത ലാബിലേക്ക് അയക്കാറുണ്ടെങ്കിലും റിസൾട്ട് സമയബന്ധിതമായി ലഭ്യമാക്കാറില്ല. ഇനിമേൽ ടി വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി റിസൾട്ടിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.' ഓരോ രണ്ട് മാസവും ഉറപ്പ് വരുത്തേണ്ട ഗുണമേന്മാ പരിശോധന തനത് സാമ്പത്തിക വർഷം ഒരിക്കൽ പോലും ലഭിച്ചിട്ടില്ല എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അങ്കണവാടികൾ വഴി വിതരണം ചെയുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്.

### 1-30-1 അമൃതം ന്യൂട്രിമിക്സ് – അളവുകളിൽ പൊരുത്തക്കേട്

അങ്കണവാടികൾക്ക് പോഷകാഹാരം പദ്ധതി വഴി ശക്തി ന്യൂട്രിമിക്സ് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്ന് 1009.125 Kg അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപെടുത്തിയിട്ടുണ്ട്. (ഇൻവോയ്സ് നം . 359/27-09-2019 ). കീഴാറൂർ അങ്കണവാടിക്ക് ഇതിൽ നിന്നും 33.750 കിലോ വിതരണത്തിനായി നൽകിയതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖപെടുത്തിയിട്ടുണ്ട്. കീഴാറൂർ അങ്കണവാടിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 33.750 ന പകരം 40.500 കിലോ ന്യൂട്രിമിക്സ് വിഹിതമായി ലഭിച്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചിലമ്പറ , കുറ്റിയാണിക്കാട്, കീഴാറൂർ എന്നീ അങ്കണവാടികളുടെ രജിസ്റ്റർ തുടർന്ന് പരിശോധനയിൽ അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ നിർവഹണോദ്യോഗസ്ഥ സാക്ഷ്യപെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി. രേഖപ്പടുത്തലിലെ വ്യത്യാസത്തിനും യൂണിറ്റുകളിലെ രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്താത്തതിനും വ്യക്തമായ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.32) മറുപടിയായി 'ടി അങ്കണവാടി സന്ദർശിച്ചെങ്കിലും മേല്പറഞ്ഞ പിഴവ് കണ്ടെത്തുന്നതിനോ തെറ്റ് തിരുത്തി ഒപ്പ് വയ്ക്കാനോ സാധിച്ചില്ല 'എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് റജിസ്റ്ററുകളിലെ പൊരുത്തക്കേട് നേരിട്ട് ബോധ്യപ്പെടുത്തി കൊടുത്തിട്ടുള്ളതാണ്. അതിനാൽ തന്നെ മറുപടി അംഗീകരിക്കാവുന്നതല്ല. അങ്കണവാടി യൂണിറ്റുകളിലെ സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥ കൃത്യമായി പരിശോധിക്കുകയും ആയവ സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുകയും വേണം .

### 1-30-2 അങ്കനവാടി പോഷകാഹാരം എസ്.സി 96/20) പദ്ധതി – അളവുകളിലെ രേഖപ്പെടുത്തലിൽ പൊരുത്തക്കേട്

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ICDS സൂപ്പർ വൈസർ |
| പദ്ധതി,നം | അങ്കണവാടി പോഷകാഹാരം എസ്.സി .(96/20) |
| അടങ്കൽ തുക | 6,00,000<br>(5,00,000/- വികസന ഫണ്ട്-എസ് .സി.പി.<br>1,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 5,99,697(ബിൽ നം.-13/19-20, 23.01.20- 1,54,884/-,<br>ബിൽ നം.11/19-20 – 23.01.20 – 39,122/-<br>ചെക്ക് നം. 2351013/22.01.2020 -1,00,000<br>ബിൽ നം. 6/19-20 , 11.10.2019 - 3,05,691 |

അങ്കണവാടി പോഷകാഹാരം എസ് .സി .(96/20) പദ്ധതിക്കായി ബിൽ നം.6/19-20 , 11.10.2019 - 3,05,691/- ഇൽ നിന്ന് 67571/- രൂപ ചെലവഴിച്ച് 907 കിലോ അമൃതം ന്യൂട്രി മിക്സ് സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ 907 കിലോ ന്യൂട്രിമിക്സിന്റെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് നം . 11 ). എന്നാൽ വരവിൽ കവിഞ്ഞ അളവിൽ പ്രസ്തുത സ്റ്റോക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അങ്കണവാടിയുടെ പേര് | രേഖപ്പെടുത്തിയിരിക്കുന്ന അളവ് |
|---|---|
| മണ്ണാംകോണം | 27 |
| ചിലമ്പറ | 20.250 |
| ചാണെക്കോണം | 33.750 |
| കാലായിൽ | 27 |
| പുല്ലച്ചൽക്കോണം | 20.250 |
| കുറ്റിയാണിക്കാട് | 27 |
| വേയ്ക്കോട്ടുകോണം | 33.750 |
| മുക്കോലവിള | 40.500 |
| കാവല്ലൂർ | 20.250 |
| കുക്കുറുണി | 33.750 |
| കീഴാറ്റൂർ | 33.750 |
| കോവില്ലുവിള | 27 |
| തുടലി | 40.500 |
| ആയക്കാവ് | 44 |
| പൂവൻകുഴി | 20.250 |
| പള്ളിവിള | 20.250 |
| മഞ്ചംകോട് | 30.500 |
| മൂന്നാറ്റുമുക്ക് | 40.500 |
| കോലിയക്കോട് | 51 |
| വലിയവഴി | 27 |
| നെട്ടണി | 40.500 |
| ഉടയൻകാവ് | 20.250 |
| പുനയ്ക്കോട് | 40.500 |
| നെല്ലിയിൽ | 20.250 |
| പാലോട്ടുകോണം | 24 |

| | |
|---|---|
| വലിയവിളപ്പുറം | 20.250 |
| വെട്ടുവിള | 33.750 |
| പുതുവൽ | 20.250 |
| പണ്ടാരക്കോണം | 33.750 |
| പശുവണ്ണറ | 27 |
| തുയൂർ | 27 |
| ആകെ | 925.75 Kg |

വ്യത്യാസം : 18.75 Kg

സ്റ്റോക്കിൽ വന്നതിനേക്കാളും കൂടുതൽ അളവിൽ ന്യൂട്രിമിക്സ് അങ്കണവാടികൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നതിന് മതിയായ വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 ന മറുപടി നൽകിയിട്ടില്ല. അളവുകളിലെ രേഖപ്പെടുത്തലിൽ കൃത്യത ഉറപ്പാക്കി മേലിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 ഡി.ഡി.എം.എസ് സോഫ്റ്റ്‌വെയറിലെ സ്റ്റോക്ക് രേഖപ്പെടുത്തൽ അപൂർണം

ചെമ്മരു് പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 2019- 20 സാമ്പത്തിക വർഷം 11,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോ. നം.S 0052/ 20 പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായ മരുന്ന് സ്റ്റോക്കിൽ വന്നിട്ടുണ്ടോ എന്നുറപ്പ് വരുത്താൻ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും Go (Rt.) No.1018/2017 /H&FWDതീ. 06/04/2017 പ്രകാരം നിലവിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും ഓൺലൈൻ Drug Distribution Management System (DDMS) വഴിയാണ് മരുന്നുകളുടെ സ്റ്റോക്ക് സൂക്ഷിക്കുന്നതെന്നും അറിയിച്ചിരുന്നു. ഇത് പ്രകാരം ഡി.ഡി.എം.എസ് വഴിയുള്ള സ്റ്റോക്ക് ലിസ്റ്റ് ആണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത് . പ്രസ്തുത സ്റ്റോക്ക് ലിസ്റ്റും ബില്ലുകളും പരിശോധിച്ചതിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം ലഭ്യമാകാത്ത മരുന്നുകൾ 2020-21 സാമ്പത്തിക വർഷം ലഭിക്കുകയും തനതു വർഷം സ്റ്റോക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ള തുക പ്രകാരമുള്ള മരുന്നാണ് 2020-21 ൽ സ്റ്റോക്കിൽ എടുത്തിട്ടുള്ളത് എന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള യാതൊരു വിധ എൻട്രിസ് ഉം ഇല്ല. ഓർഡർ ഡേറ്റ് പലയിടത്തും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Goods Receipt No. | Purchase Order No. | Invoice No. (തുക) | Received Date | Order Date | Invoice Date |
|---|---|---|---|---|---|
| KL00014/FP/ 0006/2020-21 | രേഖപ്പെടുത്തിയിട്ടില്ല | C2208/20-21 (5385) | 22/05/20 | രേഖപ്പെടുത്തിയിട്ടില്ല | 22/05/20 |
| KL00014/FP/ 0005/2020-21 | രേഖപ്പെടുത്തിയിട്ടില്ല | C1905/20-21 (43489.5) | 20/5/20 | രേഖപ്പെടുത്തിയിട്ടില്ല | 20/5/20 |
| KL00014/FP/ 0004/2020-21 | 4260 | C127/20-21 (13197) | 4/4/20 | 4/4/20 | 4/4/20 |
| KL00014/FP/ 0003/2020-21 | രേഖപ്പെടുത്തിയിട്ടില്ല | C129/20-21 (1634.5) | 4/4/20 | 4/4/20 | 4/4/20 |
| KL00014/FP/ 0002/2020-21 | 4260 | C70/20-21 | 3/4/20 | 3/4/20 | 3/4/20 |

Purchase Order No., Received Date, Order Date എന്നിവ കൃത്യമായി രേഖപ്പെടുത്തി ആധികാരികത ഉറപ്പു വരുത്താത്തതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.33 വഴി കാരണം അറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. Purchase Order No., Received Date, Order Date എന്നിവയുടെ കൃത്യത സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

1-31-1 ബില്ലിലെയും സ്റ്റോക്കിലെയും അളവിലും വിലയിലും വ്യത്യാസം.

ബിൽ നം C4247/2019-20 തീ 23/10/2019 പ്രകാരം ആകെ 24824.69/-രൂപയ്ക്ക് Metoprolol (50 Mg) എന്ന മരുന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ സ്റ്റോക്കിൽ ഇതിന്റെ Value 11,610/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മരുന്നിന്റെ Quantity-യിലും വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബില്ല് പ്രകാരം

| | | | |
|---|---|---|---|
| Metoprolol(50mg) | 10 No.s | 10 | 130.66 |
| Metoprolol(50mg) | 10 No.s | 500 | 6532.81 |
| Metoprolol(50mg) | 10 No.s | 1390 | 18161.22 |
| ആകെ | | 1900 | 24824.69 |

Unit 1 എന്ന കണക്കിൽ Quantity 19000

സ്റ്റോക്ക് പ്രകാരം ,

Metoprolol Tab (50 Mg); Unit 1 എന്ന കണക്കിന്

Quantity -9000

Value - 11610

അളവിലെയും തുകയിലെയും വ്യത്യാസത്തിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്-ൽ നിന്നുള്ള എം.എസ്.എ.3/79343/18/ആ.വ.ഡ തീ. 10/12/2018 സർക്കുലർ പ്രകാരം, എല്ലാ സ്ഥാപനങ്ങളും മെയിൻ സ്റ്റോക്കിൽ ഉൾപെടുന്നവയെല്ലാം ഡി വി എം എസ് ഇൽ പൂർണമായും Update ചെയ്യുകയും ഇവ സ്ഥാപനമേധാവി പരിശോധിച്ച് ബോധ്യപ്പെടുകയും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയതിനു ശേഷം മെയിൻ സ്റ്റോക്ക് രജിസ്റ്ററുകൾ മാത്രം ഒഴിവാക്കാവുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ബിൽ പ്രകാരമുള്ള മരുന്നുകൾ എല്ലാം തന്നെ ലഭിച്ചിട്ടുണ്ടെന്നും സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

1-31-2 സബ് സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്-ൽ നിന്നുള്ള എം.എസ്.എ. 3/79343/18/ആ.വ.ഡ തീ. 10/12/2018 സർക്കുലർ പ്രകാരം, സബ് സ്റ്റോക്ക് രജിസ്റ്റർ ഉം Patient വൈസ് Distribution Register ഉം അതേപടി നിലനിർത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയവ പരിശോധനയ്ക്കായി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.33 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിനു ഹാജരാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 തുല്യതാപരീക്ഷ -അധികമായി ചെലവഴിച്ച തുകയായ 11400/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുല്യത പരീക്ഷ തുടർ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നം | 72/20 |
| അടങ്കൽ തുക | 130500 |
| ചെലവ്തുക | 104600 |
| ചെക്ക്നം-/ തീയതി | 1825446/26.03.2020 |
| നിർവ്വഹണം | എച്ച്.എം |

1. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 104600/- രൂപ കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റിയുടെ

അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നിക്ഷേപിച്ച തുക സംബന്ധിച്ച വിശദാംശം രേഖാമൂലം സാക്ഷരതാ മിഷന് ലഭ്യമാക്കുകയോ, കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം ഇവ വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2. പഠിതാക്കളുടെ കോഴ്സ് പഠനത്തിനുള്ള അപേക്ഷകൾ, പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. 10-ാം തരം തുല്യതാ പരീക്ഷക്കായി 22 പഠിതാക്കൾക്ക് 1850/- രൂപവീതം 40700/- രൂപയും, 12-ാം തരം 21 പഠിതാക്കൾക്ക് 2500/- രൂപ വീതം 52500/-രൂപയും ഉൾപ്പെടെ 93200/-രൂപയാണ് സാക്ഷരതാ മിഷന് നൽകേണ്ടത്. എന്നാൽ 104600/- രൂപ കൈമാറിയതായി കാണുന്നു. 11400/-രൂപ അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-13/2021 മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി നൽകിയ 11400/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 783272 | 414648 | ലൈഫ് (എസ്.സി.പി) | 440000*(1) | 757920 |
| | | 355977 | 1717431 | ലൈഫ് (ജനറൽ) | 1717431 | 355977 |
| | | 0 | 320625 | സ്നേഹസ്പർശം | 320625 | 0 |
| | | 288000 | 72000 | ജലശ്രീ (ജനറൽ) | 71100 | 288900 |
| | | 0 | 900000 | ക്ഷീരസമൃദ്ധി | 900000 | 0 |
| | | 0 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 8500 | കേദാരം | 8500 | 0 |
| | | 48000 | - | | - | 48000*2 |
| ആകെ | | 1475249 | 3533204 | | 3557656 | 1450797*(3) |
| ജില്ലാ പഞ്ചായത്ത് | | | | | | |
| | | 670562 | 37755 | ലൈഫ് (എസ്.സി.പി) | 184000 | 524317 |
| | | 8500 | 8500 | കേദാരം | 8500 | 8500 |
| | | 320625 | 0 | സ്നേഹസ്പർശം | 320475 | 150 |
| | | 0 | 37000 | ഹരിതഭവനം | 37000 | 0 |
| | | 0 | 2679184 | ലൈഫ് (ജനറൽ) | 2679184 | 0 |
| | | 0 | 280000 | സ്നേഹസ്പർശം | 280000 | 0 |
| | ആകെ | 999687 | 3042439 | | 3509159 | 532917*4 |

*(1) ലൈഫ് (എസ്.സി.പി) (185/20) ആകെ ചെലവ് 440000/- രൂപ. പ്രസ്തുത തുകയില്ല. 200000/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

*2. ജലശ്രീ(എസ്.സി.പി)2017-18- ൽ ലഭ്യമായ തുക 48000/- തൻവർഷവും ചെലവഴിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

*3.പ്രോജക്ട്നം-69/20(ജലശ്രീ (ജനറൽ)) ആകെ ചെലവ് 71100/-. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 72000/-രൂപ ചെലവായി കാണിച്ചതിനാൽ നീക്കിയിരുപ്പിൽ (900/-) വ്യത്യാസം ഉണ്ട്.

*4. പ്രോജക്ട്നം-183/20 (സ്നേഹസ്പർശം) ആകെ ചെലവ് 320475/- രൂപ. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 320625/- ചെലവായി കാണിച്ചിട്ടുള്ളതിനാൽ നീക്കിയിരുപ്പിൽ വ്യത്യാസം ഉണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 149800 | 0 | 0 | 149800 |
| കെ.എസ്.ഇ.ബി | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,<br>പുതിയ വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 140247 | 0 | 0 | 140247 |

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമ്മാണം | 81450 | 0 | 0 | 81450 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | | 13014000 | 984155 | 0 | 0 | 984155 |
| ലൈഫ് ഭവനപദ്ധതി | | 69473146 | 51593146 | 4617647 | | 64855499 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ബാങ്കിന്റെ പേര് | നിക്ഷേപ തീയതി | നിക്ഷേപ തുക | നിക്ഷേപ കാലാവധി പൂർത്തിയാകുന്ന തീയതി |
|---|---|---|---|
| ഇല്ല | | | |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | തുക ഒടുക്കിയാളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-6 | 2017-18 | 4 | വസ്തുനികുതി കുടിശിക 1358839/- രൂപ | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 12,42,28,432.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,31,61,322.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,96,292.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 3,71,497 | ശ്രീ.ഷാജികുമാർ.എസ്.ഒ,സെക്രട്ടറി (215743/-)<br>ശ്രീ.വിജയകുമാർ.വി,സെക്രട്ടറി (155754/-) |
| 1-20-1 | 92,695 | ശ്രീ.വിജയകുമാർ.വി,സെക്രട്ടറി |
| 1-27 | 20,700 | ശ്രീ.അജിത് കുമാർ.എ, വി.ഇ.ഒ |
| 1-26 | 1,00,000 | ശ്രീമതി സുനി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 11,400 | ശ്രീമതി. സെലിൻ, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 5,96,292 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| (1) ശ്രീ. ഷാജികുമാർ എസ്.ഒ. | സെക്രട്ടറി | ലഭ്യമല്ല |
| (2) ശ്രീ. വിജയകുമാർ വി | സെക്രട്ടറി | ലഭ്യമല്ല |
| (3) ശ്രീ. അജിത്ത്കുമാർ. എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ലഭ്യമല്ല |
| (4) ശ്രീമതി സുനി | അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല |
| (5) ശ്രീമതി സെലിൻ | ഹെഡ്മിസ്ട്രസ്സ് | ലഭ്യമല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 4 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018 തീയതി.8.5.18 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1141/2017, 25-11.2017 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2380/2018, 12-07.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1733/21, 28-10.2020 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്